

# ചാപ്പകുത്തലിനെ ചെറുക്കാൻ അഅ്സംഗഢുകാർ തലസ്ഥാനത്ത്

കുറിപ്പുകൾ

●

**എം.എസ്**

**'ഭീകരവാദത്തിന്റെ** കളിത്തൊട്ടിൽ' എന്ന് നാമകരണം ചെയ്യപ്പെട്ട് രാജ്യദ്രോഹത്തിന്റെ മൊത്തം കുത്തക ചാർത്തിക്കിട്ടിയ അഅ്സംഗഢുകാർ അവസാനം തലസ്ഥാനനഗരിയിൽ തന്നെ പ്രതിഷേധത്തിനെത്തി. വർഷങ്ങളായി നടക്കുന്ന ഗൂഢപദ്ധതികളിലൂടെ ഒരു നാടിനെ ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്ന വലതുപക്ഷ ഫാഷിസ്റ്റ്-ബ്യൂറോക്രാറ്റിക്-മാധ്യമ മാഫിയ കൂട്ടിനോട് പോരടിക്കാൻ തലസ്ഥാന നഗരിയേക്കാൾ പറ്റിയ മറ്റൊരിടമില്ല. അടുത്തിടെയുണ്ടായ സ്ഫോടനങ്ങൾക്കും കുപ്രസിദ്ധമായ ബട്‌ല ഹൗസ് ഏറ്റുമുട്ടലിനും ശേഷം രൂപീകരിക്കപ്പെട്ട ഉത്തർപ്രദേശ് ഉലമാ കൗൺസിലാണ് വ്യത്യസ്തമായ ഈ പ്രതിഷേധ പരിപാടിക്ക് ചുക്കാൻ പിടിച്ചത്. 14 ലക്ഷം രൂപ മുടക്കി 22 കോച്ചുകളുള്ള ഒരു സ്പെഷ്യൽ ട്രെയിൻ- ഉലമാ സ്പെഷ്യൽ ട്രെയിൻ- ഉത്തർപ്രദേശിന്റെ മുക്കുമൂലകളിലൂടെ ഓട്ടി മൂവായിരത്തോളം പോരാളികളെയും കൂട്ടിയാണ് ഉലമാ കൗൺസിൽ നേതാക്കൾ പ്രതിഷേധത്തിനായി എത്തിയത്. സുരക്ഷാ കാരണങ്ങളാൽ കാൺപൂരിനും ദൽഹിക്കുമിടയിൽ നോൺ സ്റ്റോപ്പ് പ്രയാണം നടത്തിയതിനാൽ പ്രതീക്ഷിച്ചതിലും മൂന്നു മണിക്കൂർ നേരത്തെ, പുലർച്ചെ ഒന്നര മണിക്ക് തന്നെ വണ്ടി ദൽഹിയിൽ എത്തി. 5 ഡിഗ്രി സെൽഷ്യസ് വരെ താഴ്ന്ന ദൽഹിയിലെ കൊടും തണുപ്പിനെ അവഗണിച്ചാണ് ആയിരങ്ങൾ പാർലമെന്റ് മാർച്ചിനെത്തിയത്. രാവിലെ മുതൽ ദൽഹിയുടെ വിവിധ ഭാഗങ്ങളിൽനിന്ന് അഅ്സംഗഢുകാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അനേകമാളുകൾ വേറെയുമെത്തി. മുസ്‌ലിം സംഘടനാ പ്രതിനിധികൾ മുതൽ സർവകലാശാല വിദ്യാർഥികൾ വരെയുള്ള നൂറുകണക്കിന് ദൽഹിക്കാരാണ് 'കളിത്തൊട്ടിലിലെ ഭീകരവാദി'കൾക്ക് സഹായഹസ്തം നീട്ടാനെത്തിയത്.

പ്രതിഷേധക്കാരുടെ ആവശ്യങ്ങൾ വ്യക്തമായിരുന്നു. കൊടുംഭീകരരെന്ന് വരുത്തിത്തീർത്ത് അഅ്സംഗഢുകാരായ രണ്ട് വിദ്യാർഥികളെ വെടിവെച്ച് കൊന്ന ബട്‌ല ഹൗസ് ഏറ്റുമുട്ടലിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുക, അഅ്സംഗഢിനെ 'ആതംഗ് ഗഢ്' എന്ന് ചെല്ലപ്പേരു വിളിക്കുന്ന മാധ്യമ വിളയാട്ടം അവസാനിപ്പിക്കുക, ഭരണകൂട ഭീകരതക്കെതിരെ പോരാടുന്നവരെ തന്നെ ടാർഗറ്റ് ചെയ്യുന്ന പോലീസ് നടപടികൾ അവസാനിപ്പിക്കുക, സ്ഫോടന കേസുകളിൽ ജാമ്യം നിഷേധിച്ച് പോലീസ് കേന്ദ്രങ്ങളിൽ പീഡനങ്ങൾക്ക് ഇരയാക്കുന്ന അഅ്സംഗഢുകാരായ വിദ്യാർഥികളെ പുറത്തുവിടുക.



*ആമീർ റശാദി*

18.5 ശതമാനം വരുന്ന മുസ്‌ലിംകളെ യു.പിയിൽ ഭരണത്തിൽ വന്നവരൊക്കെ ചൂഷണം ചെയ്യുകയായിരുന്നുവെന്ന് ഉലമാ കൗൺസിൽ കൺവീനറും അഅ്സംഗഢിലെ ജാമിഅത്തുർറാശിദയുടെ ഡയറക്ടറുമായ മൗലാനാ ആമീർ റശാദി ആരോപിച്ചു. മുസ്‌ലിംകൾക്കെതിരായ ഗൂഢാലോചനയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അഅ്സംഗഢിനെ ഭീകരകേന്ദ്രമാക്കുന്നതും ഇതിന്റെ ഭാഗമാണ്. ഇതിനെ രാഷ്ട്രീയമായി നേരിടാനാണ് ഉലമാ കൗൺസിൽ തീരുമാനിച്ചിരിക്കുന്നത്. അഅ്സംഗഢ് ജില്ലയിലെ രണ്ട് ലോക്സഭാ മണ്ഡലങ്ങളിലും സ്വന്തം സ്ഥാനാർഥികളെ നിർത്തുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഇതിനു പുറമെ യു.പിയിലെ ഒരു ഡസനോളം മറ്റു മണ്ഡലങ്ങളെക്കുറിച്ചും ആലോചനയുണ്ട്. മറ്റു സെക്യുലർ പാർട്ടികളുമായി ചർച്ചകൾ നടക്കുന്നതായും അദ്ദേഹം വെളിപ്പെടുത്തി.

* * *

ഒട്ടനവധി മതവിദ്യാഭ്യാസ സ്ഥാപനങ്ങൾകൊണ്ട് പ്രസിദ്ധമാണ്

അഅ്സംഗഢ്. ജമാഅത്തെ ഇസ്ലാമിയുടെ കീഴിലുള്ള ജാമിഅത്തുൽ ഫലാഹ് അഅ്സംഗഢിലെ ഏറ്റവും വലിയ മതസ്ഥാപനമാണ്. ഇസ്ലാം സ്വീകരിച്ച രജപുത്ര രാജാവിന്റെ മകൻ അഅ്സം ഷാ ആണ് മുഗൾ ഭരണാധികാരി ഷാജഹാന്റെ കാലത്ത് അഅ്സംഗഢ് സ്ഥാപിക്കുന്നത്. സർ സയ്യിദ് അഹ്മദ് ഖാന്റെ ശിഷ്യനും പ്രശസ്ത പണ്ഡിതനുമായ അല്ലാമാ ശിബിലി നുഅ്മാനിയാണ് ദേശീയ പ്രശസ്തിയുള്ള 'ശിബിലി നാഷനൽ കോളേജും' 'ദാറുൽ മുസ്വന്നഫീനും' സ്ഥാപിച്ചത്. സ്വാതന്ത്ര്യ സമരകാലത്ത് ഉത്തർപ്രദേശിലെ പ്രധാന കേന്ദ്രമായി വർത്തിച്ച ശിബിലി കോളേജിൽ മഹാത്മാഗാന്ധിയും നെഹ്റുവും പലതവണ സന്ദർശനം നടത്തിയിട്ടുണ്ട്. വിഭജനത്തോടെ അനേകായിരം മുസ്ലിംകൾ അഅ്സംഗഢിൽനിന്ന് പാകിസ്താനിലേക്ക് പലായനം ചെയ്തു. എങ്കിലും കൈഫി ആസ്മി, ഷബാന ആസ്മി, ജസ്റ്റിസ് ഇഖ്ബാൽ അഹ്മദ്, ഇഖ്ബാൽ സുഹൈൽ (ഉർദു കവി), ഷമീം ജൈരാജ് പുരി (ശാസ്ത്രജ്ഞൻ) തുടങ്ങിയ പ്രശസ്തരെ സംഭാവന ചെയ്യാൻ അഅ്സംഗഢിന് കഴിഞ്ഞു.

ഇന്ന് അഅ്സംഗഢ് ജില്ലയിൽ 12 -14 ശതമാനത്തോളം മുസ്ലിംകൾ വസിക്കുന്നു. സാമുദായിക സംഘർഷങ്ങളെക്കുറിച്ച് കേട്ടുകേൾവി മാത്രമുള്ളവരാണ് ഈ നാട്ടുകാർ. ഹിന്ദുവും മുസ്ലിമും ഒരുമയോടെ ജീവിക്കുന്ന കാഴ്ച ഇന്നും അവിടെ മാറ്റമില്ലാതെ തുടരുന്നു. ഇക്കണ്ട ബഹളമൊക്കെ ഉണ്ടായിട്ടും അഅ്സംഗഢിൽ ഭീകരർ ഇല്ലെന്ന് തറപ്പിച്ചു പറയുന്നത് അവിടത്തെ വിദ്യാസമ്പന്നരായ ഹിന്ദുക്കൾ തന്നെയാണ്. ഇതിനു പിന്നിൽ കൃത്യമായ ആസൂത്രണങ്ങൾ ഉണ്ടെന്നും അവർ വിശ്വസിക്കുന്നു.

സ്വാതന്ത്ര്യാനന്തരം പറയത്തക്ക പുരോഗതി നേടാൻ അഅ്സംഗഢിനു കഴിഞ്ഞില്ല. ഒരൊറ്റ വ്യവസായ കേന്ദ്രമോ സർവകലാശാലയോ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജോ ഇവിടെയില്ല. അടിസ്ഥാനപരമായി കർഷകരായ അഅ്സംഗഢുകാരിൽ പലരും '80കളിൽ ഗൾഫിലേക്കും മലേഷ്യയിലേക്കും പോയി പണം സമ്പാദിച്ചു. കർണാടകയിലെ ഭടക്കൽക്കാർ ചെയ്തതുപോലെ ഗൾഫ് പണംകൊണ്ട് ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കാൻ അഅ്സംഗഢുകാർ പദ്ധതികളൊന്നും കണ്ടില്ല. പലരും വീടുകൾ മോടിപിടിപ്പിച്ച് പണം ധൂർത്തടിക്കുകയും ചെയ്തു. എങ്കിലും മക്കളെ പഠിപ്പിക്കണമെന്ന ബോധം നാട്ടുകാരിൽ വർധിച്ചു. അതോടെ സമീപപ്രദേശങ്ങളായ ലഖ്നൗ, വാരാണസി, അലീഗഢ് തുടങ്ങിയ കേന്ദ്രങ്ങളിലേക്ക് വിദ്യതേടി പോകുന്നവരുടെ എണ്ണം വർധിച്ചു. ദൽഹിയിലെ ജാമിഅ മില്ലിയ്യയിൽ അഅ്സംഗഢുകാർ ധാരാളക്കണക്കിന് എത്തിത്തുടങ്ങി.

ബി.ജെ.പി ഉത്തർപ്രദേശിൽ ഭരണത്തിലിരിക്കുമ്പോളാണ് അഅ്സംഗഢിനെ ചാപ്പകുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. 2000-ലെ റിപ്പബ്ലിക് ദിനത്തിൽ ശിബിലി കോളേജിൽ ചടങ്ങുകൾ അവസാനിക്കാനിരിക്കെ വന്ദേമാതരം ആലപിക്കണമെന്നാവശ്യപ്പെട്ട് എ.ബി.വി.പി പ്രവർത്തകർ പ്രശ്നമുണ്ടാക്കി. പ്രിൻസിപ്പലിനെയും ജോലിക്കാരെയും മർദിച്ചു. തൊട്ടടുത്തുള്ള ഷോപ്പുകൾ അടിച്ചുതകർത്തു. അന്വേഷിക്കാൻ വന്ന പോലീസാവട്ടെ കേസെടുത്തത് അക്രമത്തിനിരയായവർക്കെതിരെയും. 2005ലെ കോളേജ് ഇലക്ഷൻ സമയത്തും ഇതേ ശക്തികൾ കോളേജിൽ ആക്രമണം അഴിച്ചുവിട്ടു.

ഫാഷിസ്റ്റുകളുടെ മനസ്സിലിരുപ്പ് സുതരാം പുറത്തുവന്ന മുദ്രാവാക്യമായിരുന്നു 'യു.പി ഗുജറാത്ത് ബനേഗാ, അഅ്സംഗഢ് ശുരുവാത് കരേഗാ' എന്നത്. യു.പിയെ ഞങ്ങൾ ഗുജറാത്താക്കും, കലാപരിപാടികൾ അഅ്സംഗഢിൽനിന്ന് തുടങ്ങും എന്നർഥം. എസ്.പിയിലും ബി.എസ്.പിയിലും ഊഞ്ഞാലാടി പിന്നീട് ബി.ജെ.പിയിലെത്തിയ ക്രിമിനൽ രാഷ്ട്രീയക്കാരനായ രമാകാന്ത് യാദവാണ് ഈ വിഷലിപ്ത മുദ്രാവാക്യം തെരഞ്ഞെടുപ്പ് വേളയിൽ മുഴക്കിയത്.

ഇതിന്റെ തുടർച്ചയായിട്ടാണ് ഉത്തരേന്ത്യൻ സ്ഫോടനങ്ങൾക്ക് ഉത്തരവാദിത്വം അടിച്ചേൽപിച്ച് അബൂബശറിനെ പോലീസ് പൊക്കുന്നതും സിമിവേട്ട തുടങ്ങുന്നതും. ബട്ല ഹൗസ് കൂടി ഏറ്റുമുട്ടി തീർത്തതോടെ പോലീസിനും ഭീകരവിരുദ്ധ സ്കോഡിനും അഅ്സംഗഢിലൊന്നാകെ കയറി നിരങ്ങാൻ ഗ്രീൻസിഗ്നലായി. നാട്ടിലെ പല പ്രമുഖരുടെയും വീടുകളിൽ റെയ്ഡ് നടത്തി. നാട്ടുകാരുടെ ആത്മവീര്യം തകർക്കാനുള്ള ശ്രമങ്ങൾ നടത്തി. പത്രങ്ങളിൽ പേരു വരാത്ത അനേകം അഅ്സംഗഢുകാരായ വിദ്യാർഥികൾക്ക് 'കാക്കിക്കുള്ളിലെ കാട്ടാളത്തം' നേരിട്ടനുഭവിക്കാൻ വിധിയുണ്ടായി.

തോന്നിവാസം അതിരുവിട്ടു തുടങ്ങിയപ്പോൾ രാജ്യത്തെ പ്രമുഖ ആക്ടിവിസ്റ്റുകളും സംഘടനകളും അഅ്സംഗഢിലെത്തി. ജൻഹസ്താക്ഷേപ്, പി.യു.ഡി.ആർ, എ.പി.സി.ആർ തുടങ്ങിയ മനുഷ്യാവകാശ സംഘടനകൾ വസ്തുതാന്വേഷണം നടത്തി റിപ്പോർട്ടുകൾ വെളിപ്പെടുത്തി. ഉലമാ കൗൺസിലും പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. തൽക്കാലത്തേക്ക് പോലീസ് നടപടികൾക്ക് ശൗര്യം കുറഞ്ഞെങ്കിലും നേതാക്കളെ തന്നെ ലക്ഷ്യമിടുന്ന പദ്ധതിക്ക് അവർ ആരംഭിച്ചു.

ഏറ്റവും അവസാനം പോലീസ് പൊക്കിയത് ഉലമാ കൗൺസിൽ കൺവീനറുടെ മകനെ തന്നെയായിരുന്നു. ഹൈദരാബാദിലെ 'വിപ്രോ' ഓഫീസിൽ ജോലിക്ക് പോകവെ നാഗ്പൂർ റെയിൽവേ സ്റ്റേഷനിൽ വെച്ചാണ് 'കൊടുംഭീകരനെ' പോലീസ് തളച്ചത്! പിസ്റ്റളുകളുടെ ശേഖരവുമായി നിർഭയം ട്രെയിനിൽ യാത്ര ചെയ്തുവെന്ന് പോലീസ് പറയുന്ന ത്വൽഹ ആമിറിന്റെ ബാഗിൽ ഒരു നഖംവെട്ടി പോലുമുണ്ടായിരുന്നില്ലെന്ന് പിതാവ് തറപ്പിച്ചു പറയുന്നു. ഇതുകൊണ്ടൊന്നും തളരില്ലെന്നാണ് ആമിർ റശാദിയുടെ ഉറച്ച സ്വരം. 'അല്ലാഹുവിലാണ് വിശ്വാസം. പോരാട്ടം തുടരുകതന്നെ ചെയ്യും'- അദ്ദേഹം നിശ്ചയദാർഢ്യത്തോടെ പറയുന്നു.

* * *

പ്രതിഷേധങ്ങളുമായി മുന്നോട്ടു പോകാൻ തന്നെയാണ് ഉലമാ കൗൺസിൽ തീരുമാനിച്ചിരിക്കുന്നത്. യു.പി തലസ്ഥാനമായ ലഖ്നൗവിലേക്ക് രണ്ട് സ്പെഷ്യൽ വണ്ടികൾ ബുക്ക് ചെയ്തു കഴിഞ്ഞു. അഅ്സംഗഢുകാരോട് നീതി കാണിക്കാതെ പ്രധാനമന്ത്രിക്കുപ്പായം തുന്നുന്ന മായാവതി ആണ് അടുത്ത ടാർഗറ്റ്. ജനകീയ രാഷ്ട്രീയത്തിലൂടെ മാത്രമേ പരിഹാരമുള്ളൂ എന്ന പ്രായോഗികവശം നോക്കാതെ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് എടുത്തുചാടുന്നത് ബുദ്ധിപൂർവകമായിരിക്കുമോ എന്നാണ് ഉലമാ കൗൺസിലിനോട് അഭ്യുദയകാംക്ഷികൾ ഉന്നയിക്കേണ്ട ചോദ്യം. വിശേഷിച്ചും തെരഞ്ഞെടുപ്പുകാലത്ത് മുസ്ലിം പാർട്ടികൾ പൊട്ടിമുളക്കുന്ന ജനിതകരോഗം പേറുന്ന ഉത്തരേന്ത്യൻ മണ്ണിൽ. ■